# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*541 27.10.2016 ൽ മറുപടിക്ക്**

## പൊതുമരാമത്ത് പ്രവൃത്തികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.കെ.നാണു<br>,, കെ. കൃഷ്ണൻകുട്ടി<br>,, കെ.ബി.ഗണേഷ് കുമാർ<br>,, തോമസ് ചാണ്ടി | ശ്രീ ജി സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) പി.ഡബ്ല്യൂ.ഡി. മേൽനോട്ടത്തിൽ നിർമ്മിക്കുന്ന റോഡുകളുടെ ഗുണമേന്മ, കെ.എസ്.റ്റി.പി. പദ്ധതിയിൽ നിർമ്മിക്കുന്ന റോഡുകളുടെയും എൻ.എച്ച്.എ.ഐ. നിർമ്മിക്കുന്ന റോഡുകളുടെയും ഗുണമേന്മയുമായി താരതമ്യം ചെയ്യുമ്പോൾ വളരെ പിന്നോക്കമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) കെ. എസ്. റ്റി. പി., എൻ. എച്ച്. എ. ഐ എന്നിവ നടപ്പിലാക്കുന്ന പദ്ധതികൾ കൂടുതലും അടിസ്ഥാനം മുതൽ പുനർനിർമ്മിക്കുന്ന പ്രവൃത്തികളാണ്. എന്നാൽ പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിനു കീഴിലുള്ള റോഡുകളിൽ ചെയ്തുവരുന്നത് കൂടുതലും ഉപരിതലം പുതുക്കുന്ന പ്രവർത്തികളാണ്. വ്യത്യസ്ഥമായ രീതിയിലുള്ള പ്രവർത്തികളായതിനാൽ കെ എസ് റ്റി പി യു ടെയും, എൻ എച്ച് എ ഐ യുടേയും പ്രവൃത്തികളെ പൊതുമരാമത്ത് പ്രവൃത്തികളുമായി താരതമ്യം ചെയ്യുവാൻ സാധിക്കില്ല. ചെലവഴിക്കുന്ന പണത്തിലും ഏറ്റകുറച്ചിലുണ്ട്. |
| ബി) പി.ഡബ്ല്യൂ.ഡി റോഡുകളുടെ ഗുണമേന്മ മെച്ചപ്പെടുത്താനും അന്താരാഷ്ട്ര നിലവാരത്തിലുള്ളതാക്കാനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | ബി) പൊതുമരാമത്ത് നിരത്തുവിഭാഗത്തിന്റെ കീഴിൽ വരുന്ന റോഡുകൾ ദേശീയ നിലവാരത്തിൽ ഉയർത്തുന്നതിലേയ്ക്കായി കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം സ്പെസിഫിക്കേഷൻ ഉപയോഗിച്ച് വരുന്നു. |

ബിറ്റുമിനസ് മെക്കാഡം, ബിറ്റുമിനസ് കോൺക്രീറ്റ് എന്നിവ ഉപയോഗിച്ച് റോഡുകൾ നിർമ്മിക്കുകയും ഇതു കൂടാതെ റെക്ടോ റിഫ്ലക്റ്റീവ് സൈൻ ബോർഡുകളും, റോഡ് മാർക്കിംഗ് എന്നീ സുരക്ഷാ സംവിധാനവും നടപ്പിലാക്കി അപകടങ്ങൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള എല്ലാ റോഡുകളും ദേശീയനിലവാരത്തിൽ ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ എക്സി. എഞ്ചിനീയർമാരുടെ ചുമതലയിൽ റീജിയണൽ ലാബുകളും മറ്റ് എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലാബുകളും സ്ഥാപിച്ച് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. പൊതുമരാമത്ത് പ്രവൃത്തികളിൽ ഉപയോഗിക്കുന്ന മെറ്റീരിയൽസിന്റെ ഗുണനിലവാരം ഉറപ്പുവരുത്തി പ്രവൃത്തികളുടെ നിലവാരം മെച്ചപ്പെടുത്തുക എന്നതാണ് ഇതുവഴി ഉദ്ദേശിക്കുന്നത്. കൂടാതെ നിലവിലെ പൊതുമരാമത്ത് മാന്വലിൽ പറഞ്ഞിരിക്കുന്ന ഗുണനിലവാര പരിശോധനകളും നടപ്പാക്കി വരുന്നുണ്ട്.

| | | |
|---|---|---|
| സി) | പി.ഡബ്ല്യൂ.ഡി. ഉടമസ്ഥതയിൽപ്പെട്ട സർക്കാർ കെട്ടിടങ്ങൾക്ക് അറ്റകുറ്റപ്പണികൾ നടത്തുന്നതിനും | സി) ഫണ്ടിന്റെ ലഭ്യതയ്ക്കനുസൃതമായി പൊതുമരാമത്ത് വകുപ്പിന്റെ ഉടമസ്ഥതയിൽപ്പെട്ട സർക്കാർ |

| | |
|---|---|
| നവീകരിക്കുന്നതിനും റീ-വയറിംഗ് വർക്കുകൾ നടത്തുന്നതിനും പണം നീക്കിവെക്കാത്തതിനാൽ നിരവധി സർക്കാർ കെട്ടിടങ്ങൾ നാശോന്മുഖമായിക്കൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ പ്രശ്നം പരിഹരിക്കാൻ എന്ത് ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ? | കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികളും നവീകരണവും ചെയ്തുവരുന്നു. കെട്ടിടങ്ങൾ നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന അവസ്ഥ നിലവിലില്ല. എന്നാൽ അറ്റകുറ്റ പണികൾ പൂർണ്ണമായും ചെയ്ത് തീർക്കുന്നതിനുള്ള ഫണ്ട് ലഭ്യമല്ലാത്ത സാഹചര്യത്തിൽ പണികൾ യഥാസമയം പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടാകാറുണ്ട്. |

സെക്ഷൻ ഓഫീസർ